अरस्तुमहोदयस्य मतेन काव्यस्य भेदः त्रयं भवति। यथा - दुःखान्तं नाटकम्, सुखान्तं नाटकम् महाकाव्यम् च । तत्र दुःखान्तं नाटकं मानवस्य भावनाः परिष्करोति अपि चविपदि । समस्यासु आत्मत्रुटिषु च मानवस्य याः प्रतिक्रियाः भवन्ति तासाम् अनुकरणरुपं दुःखान्तं नाटकम् अत्र षट् विषयाः भवन्ति । यथा- इतिवृत्तं, चरित्रं, शैली, विचारः, प्रदर्शनम्, सङ्गीतम् एतेषां विस्तृतं विवेचनम् अपि तेन कृतं विद्यते कथानकस्य इतिवृत्तस्य वा आदिः अस्ति। मध्यः अन्तश्चापि विद्यते। तस्य दुःखान्तनाटकस्य स्थायिभावः शोकः,भयं चापि भवति । भावनावन्धत्वात् नाटकस्यास्य प्रभावः समाजे दृश्यते अतः माहाकाव्यापेक्षया अस्य अधिकं महत्वं वर्तते।

सुखान्तनाटकं प्रायः हास्यप्रधानं भवति। **अत्र दोषापूर्णं जीवनचरित्रं च अनुक्रियते** । जीवनस्य दुःखदः विषयः अत्र प्रदर्श्यते अपितु सुखमयः हास्यजनकः विषयः जनानां त्रुटयः अज्ञतपरकाणि कार्याणि च अत्र प्रदश्यन्ते यानि दृष्ट्वा सामाजिकाः हसन्ति। कस्यापि हृदि दुःखं नोत्पादयति नाटकमेतत् अरस्तुमहोदयः एतस्य नाटकस्य स्थानं दुःखान्तनाटकाः महाकाव्यात् च निकृष्टमिति कथयति।

यानि दुःखान्तनाटके भवन्ति, तानि षडङ्गानि महाकाव्ये षट् अङ्गानि अपि दुःखान्तनाटकवत् भवन्ति। यथा- इतिवृत्तं, शैली, चरित्रं , विचारः, प्रदर्शनम्, सङ्गीतम् केवलम् अत्र विषयाः छन्दोवद्धाः जीवनस्य अनुकरणम् अपि अत्र भवति । अभिनयवर्जितं भवति इदं महाकाव्यं नाटकमहाकाव्ययो: पार्थक्यं यत् नाटकं सर्वेषां प्राणिनां कृते परन्तु महाकाव्यम् आकारेण बृहत् भवति अत्र समुचितं कथावस्तु, चरित्रचित्रणं, भाषायाः छन्दसः च प्रयोगः, उदात्तः विचारः

इत्यादयः भवन्ति। महाकाव्ये अद्भुतः प्रसङ्गः भवितुम् अर्हति। अत्र शाश्वतं सत्यमपि निरूपयितुं शक्यते। अरस्तू दृष्ट्या एतत् मध्यमं काव्यम्।

अत्र शोधपत्रेऽस्मिन् जयदेवकृतगीतगोविन्दे परिशीलनात्मकं विश्लेषणात्मकञ्चाध्ययनं कृतं वर्तते। प्रस्तुतमिदं शोधपत्रं निम्नलिखितोद्येश्याश्रित्य विहितं वर्तते। भारतीयसंस्कृतसाहित्यस्य अध्ययनम्। संस्कृतग्रन्थेषु शैक्षिकतत्वानां संञ्चयनं कृत्वा लोकोपकाराय विधानम्। संस्कृतवाङ्मये विहितानां विद्यमानानां शैक्षिकतत्त्वानां परिशीलनम्। प्रस्तुतेऽस्मिन्नध्ययने वर्णनात्मकानुसंधानान्तर्गतवस्तुविश्लेषणविधि प्रयुक्तो वर्तते। पाश्चात्यजगति अनेके कवयः तेषां मतं स्थापितवन्तः। तेषु अरस्तुमहोदयः अन्यतमः। सः न केवलं दार्शनिकः अपितु काव्यशास्त्रस्य उपरि लिखति स्म। तस्मिन् समये साहित्यस्य महत्वम् आसीत्।

## संस्कृतवाङ्गमये अलङ्कारः

*सङ्गीता दाश*

भरतमुनिः अलङ्कारशास्त्रजगतः प्रथमः आलङ्कारिकः इति सर्वे स्वीकुर्वन्ति। तस्य नाट्यशास्त्रं प्रथमम् अलङ्कारशास्त्रं भवति इत्यपि कथयन्ति। यद्यपि एतत् सत्यं परन्तु अलङ्कारशास्त्रस्य इतिहासपरिशीलनेन भरतात् पूर्ववर्तीनः आलङ्कारिकाः केचन आसन् तेषाम् अलङ्कारशास्त्राणि अपि आसन् किन्तु इदानीं न उपलभ्यन्ते इति वक्तुं शक्यते तदत्र आलोच्यते।

सर्वस्य ज्ञानस्य शास्त्रस्य च मूलं वेदः इति कथ्यते। "वेदोऽखिलो ज्ञानमूलम्" अनेन वेदः समस्तानां विद्यानाम् आलयः इति कृत्वा अलङ्कारशास्त्रस्य विषयः अपि वेदे दृश्यते इति वक्तुं शक्यते। एतेन वेदः अलङ्कारशास्त्रस्य मूलग्रन्थः अस्ति इति कथनं साधु। तत्र वेदे अलङ्काराणां प्रयोगः दृश्यते। तत्र वेदः शब्दप्रधानः इति ज्ञायते। कोऽपि जनः शब्दात् अर्थमात्रम् अपि अन्यथा कर्तुं न प्रभवति तेन मन्त्राणाम् अर्थः नायाति फलम् अपि न भवति अतः शब्दापरिवृत्यसरत्वं शद्बालङ्कारः इति कथनम् अत्र वेदे सार्थकतां भजते। तत्र यमकस्य उदाहरणं यथा- "गव्ययी त्वग् भवति निर्णीगव्ययी" (ऋक् १/७०/७)

अत्र मन्त्रे "गव्ययी" इति पदं पुनरुक्तं भवति इति प्रतिभाति, किन्तु एकत्र गव्ययी इति पदम् अपरत्र अव्ययी इति पदम्। प्रथमस्य सार्थकत्वं द्वितीयस्य निरर्थकत्वम् अतः अत्र यमकलक्षणं स्पष्टं दृश्यते। **छेकानुप्रासः अपि वेदे मन्त्रे अवलोक्यते यथा एकमुदाहरणम्-** "गणानां त्वा गणपतिं हवामहे"(ऋक् २/१३/१) अत्र "गण" "गण" इति वर्णसाम्यात् छेकानुप्रासः भवति।

**मालोपमा अपि वेदेमन्त्रेषु लक्ष्यते एकमुदाहरणम् –**

पक्षीइवचक्षुषा जातमर्वाक्

हस्तविवतन्वे सम्भविष्ठापादेव

पस्यो अच्च्छ ओष्ठावित मध्वस्ते वदन्ता स्तनानि पिश्यत जीवर्स नः (२/३९/७०)

अत्र उपमेययोः अश्विनीकुमारयोः रूपस्य वर्णनम् अस्ति। उपमेयौ अश्विनीकुमारौ उपमानानि अत्र वहूनि अतः अत्र मालोपमारूपकालङ्कारः अपि वेदे दृश्यते। एकमुदाहरणं यथा- "विद्यादिव्या अङ्गारा इरिणे न्युस्ताः "(ऋक् -१०/३४/९) अत्र सूर्यदेवस्य वर्णना। अत्र संचक्षाणां अक्षणां विषये दिव्याङ्गाररात्वारोपः स्फुटं चमत्करोति चेत् अतः अत्र रुपकम्। इत्थं बहवः अलङ्काराः वेदे प्रयुक्ताः दृश्यन्ते।

उपनिषदत्सु अलङ्कारशास्त्रस्य चर्चा विद्यते। तैतीरीयोपनिषदि रसस्य चर्चा अस्ति यथा- "रसो वै सः" अत्र परमात्मा रसः इति शब्देन कथितः। अलङ्कारशास्त्रस्य चर्चा पुराणेषु अवलोक्यते। विशेषतः अग्निपुराणे अलङ्कारशास्त्रस्य काव्यलक्षणप्रयोजनादि वर्णयति। तत्र ३३८ तमः अध्यायः काव्यशास्त्रविषयकः वर्तते। प्रयोजनविषये अग्निपुराणे कथ्यते-

नरत्वं दुर्लभं लोके विद्यातत्र सुदुर्लभा।

कवित्वं दुर्लभं तत्र शक्तिस्तत्रापिदुर्लभा॥

वाल्मीकीरामायणे अलङ्कारशास्त्रस्य रसचर्चा विद्यते। तत्र षट्रसाः उक्ताः सन्ति। श्लोकः यथा -

"रसैः श्रृङ्गारकरुणहास्यवीरभयानकैः।

रौद्रादिभिश्च संयुक्तं काव्यमेतदगायताम्॥ (रा.बा.का- 4-9)

व्याकरणस्य प्रसिद्धमुनिः पाणिनिः असौ अष्टाध्यायां सूत्रमाध्यमेन अलङ्कारस्य चर्चां करोति। यथा- "उपमानानिसामान्यवचनैः" इति उक्त्वा नैकान् सादृश्यमूलकालङ्कारान् सूत्रे उल्लिखति। एवं विविधेषु वेदोपनिषद् पुराणादिषु अलङ्कारशास्त्रस्य अलङ्काररसादितत्वानां चर्चा अस्ति इति प्रतिपादितम्। एतानि सर्वाणि भरतात् पूर्वं भवन्ति। अपि च नाट्यशास्त्रे काव्यमिमांसायां भावप्रकाशने अन्यत्र अलङ्कारशास्त्रे केचन विषयाः सन्ति यान् आधारिकृत्य भरतात् पूर्वम् अपि आलङ्कारिकाः आसन् इति प्रतिपादियितुं शक्यते। तदत्र उपस्थाप्यते।

भरतमुनिः नाटयशास्त्रस्य आनुवंश्य श्लोके यदुक्तवान् तस्मात् ज्ञायते रसमिमांसा नाटकम् अलङ्कारशास्त्रं च पूर्वम् आसीत्। अपि च तत्र ऊनविंशे अध्याये अभिनवभारत्यां लिखितमस्ति "यत कीर्तिधरेण नन्दिकेश्वरमतमत्रा गमित्वेन दर्शितम् ....॥" अस्मात् नन्दीकेश्वरस्य नाम आयाति। भण्डारकरः प्राच्यानुसन्धानसंस्थया (पुणास्थाने स्थितः) उद्भावितं यत् नन्दिकेश्वरः एकः आलङ्कारिकः आसीत्, यस्य ग्रन्थः भरतार्णवः इति। अत्र दृश्यकाव्यस्य प्रसङ्गः चर्चितऽस्ति। "BORI" atler U

vol-xii(p-460-463) भामः काव्यालङ्कारे 'मेधावीरुद्रस्य' नाम दृश्यते। एषः भरतात् पूर्ववर्ती। काव्यादर्शस्य हृदयङ्गमायां टीकायां 'काश्यपस्य वररुचेश्च' नाम दृश्यते। एतौ अपि आलङ्कारिकौ। शारदातनयस्य भावप्रकाशने सदाशिव- गौरी-वासूकि- नारद-अगस्त्य – व्यास-आञ्जनेय प्रभृतिनां। आलङ्कारिकाणां नामानि अवलोक्यते। कुत्रचित् अन्यत्र ग्रन्थेषु (नाट्यशास्त्रादिषु) भरत- नन्दीस्वामी – ब्राह्मदत्त-दत्तिल इत्यादयः आलङ्कारिकाः आसन् इति लिखितमस्ति एते सर्वे भरतस्य पूर्ववर्तीनः।

गच्छताकालेन महान् आलङ्कारिकः राजशेखरः काव्यमीमांसायाम् एतस्य विवरणं सम्यक् उपस्थापयति । येषाम् अध्ययनेन भरतपूर्ववर्तीनः आलङ्कारिकाः अपि आसन् इति संप्रमाणं प्रतिपादितम्।

## प्राच्यसाहित्ये मनोविज्ञानम्

*सन्तथकुमारमिश्रः शिक्षाशास्त्री*

भारतीयज्ञानपरम्परायां साहित्ये न केवलं काव्यरचना भवति, अपितु मनोविज्ञानस्य गभीराध्ययनं तत्त्वानाम् अन्वेषणमपि भवति । वेदाः, उपनिषदः, महाकाव्यानि, नाटकानि तथा लोकसाहित्यं मानवीयभावनानां-चित्तवृतीनां-व्यवहाराणां तथा मानसिकसंरचनायाः प्रतिफलनं कुर्वन्ति।

मनोविज्ञानं आत्मनः-चेतसः-मनसः-व्यवहारस्य विज्ञानम् अस्ति इति विद्वद्भिः परिचर्चितम् अस्ति। परन्तु एषः विषयः मानवस्य चिन्तनं, भावना, व्यवहारं च विश्लेषयति। मनसः क्रियाः, स्मरणं (स्मृतिः), अनुभूत्यः, व्यक्तित्वं च अस्याः परीक्षायाः विषयाः भवन्ति।

वेदेषु मनसः स्थितिः, आत्मज्ञान तथा मानसिकशक्तेः महत्वानि प्रतिपादितानि।

**"धियो यो नः प्रचोदयात्" (गायत्री मन्त्रः,ऋग्वेदः ३.६२.२०)** भगवतः कृपया अस्माकं बुद्धिः सत्पथं चिनोतु । सत्पथे तिष्ठतु इति । **"यद्वेदादि गतिर्नास्ति तदज्ञानस्य लक्षणम् ॥"(ऋग्वेदः २०.6२.४)** यत्र वेदस्य ज्ञानं नास्ति, तत्र अज्ञानस्य प्रभावः भवति, यतः मनः भ्रमितः भवति। उपनिषदः आत्मतत्वस्य मनसः तथा बुद्धेः गभीर-विश्लेषणं कुर्वन्ति । मनसः संयमः आत्मज्ञानाय आवश्यकः। **"मन एव मनुष्याणां कारणं बन्धमोक्षयोः।"(अष्टावक्रगीता २.२२)** यदि मनः इन्द्रियविषयेषु आसक्तं भवति, तर्हि तस्य बन्धनं भवति। यदि मनः आत्मविद्यायां लीनं भवति, तर्हि सः मोक्षं लाति। **"उत्तिष्ठत जाग्रत प्राप्य वरान्निबोधत"(कठोपनिषद् २.३.२४)** अस्य श्लोकस्यार्थः स्वस्यालस्यं परित्यज्य, आत्म चेतनां जाग्रतं करोतु, उत्तमज्ञानं तथा सत्सङ्गं प्राप्त्वा तावत् पर्यन्तं मा तिष्ठतु यावत् लक्ष्यं न साध्यं भवति।

महाभारतम् अस्मान् न केवलं युद्धादिविषयं वेदयति, अपितु मानव संसारस्य समस्तमानसिकदोषाणां, द्वेषाणां, लोभानाम् ईर्ष्यादि धर्माधर्मयोः सूक्ष्मविश्लेषणम् अपि यच्छति । भगवान् श्रीकृष्णः अर्जुनस्य माध्यमेन समग्रविश्वाय सन्देशः (उपदेशः) दत्तः । अर्जुनस्य विषादः गीतायाः उपदेशस्य मूलं भवति । **"कार्पण्यदोषोपहतस्वभावः पृच्छामि त्वां धर्मसम्मूढचेताः।।"(भगवद्गीता २.७)** अर्जुनः मानसिकद्वन्द्वे स्थित्वा कः धर्मः? किम् इदानीं कर्तव्यम् ?इति कृष्णाय प्रश्नान् पृच्छति, तेषां प्रश्नानाम् उत्तरम् अपि भगवता कृष्णेन दत्तम् अस्ति यत्र वयं मनोवैज्ञानिक तत्वानि द्रंष्टुं शक्नुमः। **जानामि धर्मं न च मे प्रवृत्तिः जानम्यधर्मं न च मे निवृत्तिः। (महाभारतम्, उद्योगपर्वः ४०.३८)** दुर्योधनः जानाति यत् सः अधर्मं करोति किन्तु अहंकारात् निवृत्तिः नेच्छति । अत्र मानवव्यवहारस्य विषयः सर्वमपि द्रष्टुं शक्नुमः ।

भरतमुनिना प्रणीतं नाट्यशास्त्रं भारतीय मनोविज्ञानस्य महान् ग्रन्थः वर्तते **"विभावानुभाव व्यभिचारीभावसंयोगाद्रस निष्पतिः" (नाट्यशास्त्रम् ,६.३२)** रसः विभाव-अनुभाव-व्यभिचारीभाव संयोगेन उत्पद्यते।

**शृङ्गारहास्यकरुणः रौद्रवीरभयानकाः ।**
**बीभत्साद्भुतशान्ताश्च नव नाट्ये रसाः स्मृताः ।।**

एते सर्वेऽपि भावाः (श्रङ्गारादयः) मानवव्यवहारस्य प्रतिफलनमेव । अत्र मनुष्यस्य मनोवैज्ञानिकस्थितयः भावाः इत्यादिकं द्रष्टुं / ज्ञातुं च शक्नुमः ।

प्राच्यसाहित्यं मानवीय मनोविज्ञानं सम्यक् प्रतिपादयति। भावनाः, वृत्तयः, तथा चित्तस्य व्यवहाराः ग्रन्थेषु यथारूपं निरूपिताः, सः आधुनिकमनोविज्ञानस्य पूर्वपीठिका इव दृश्यते। अतः प्राच्यग्रन्थाः केवलं साहित्यनिधिः न, अपि तु मनोविज्ञानस्य अमूल्यं स्रोतः इत्यवगम्यते।

## अयादिसन्धौ नवीनोदाहरणानां विचारः

*सौम्य रञ्जन पाढी , शिक्षाशास्त्रद्वितीयवर्षम्*

समुपसर्गपूर्वकात् धा धातोः कि' प्रत्यये उत्पद्यमानस्य सन्धिपदस्यार्थः संज्ञाभेदादयश्च भट्टोजिदीक्षितेन वैयाकरणसिद्धान्तकौमुद्यां सम्यक् प्रतिपादिताः । सिद्धान्तकौमुद्यां संज्ञापरिभाषाप्रकरणाद् अनन्तरं भट्टोजिदिक्षितः प्रस्तौति सन्धेः पञ्च प्रकरणानि वर्णानाम् अतिशयितसान्निध्यं सन्धेः कारणभूतम् इत्येनम् अर्थम् उररीकृत्य "परः सन्निकर्षः संहिता" इति सूत्रप्रमाणेन समारभ्यन्ते सम्प्रति दिक्षितदिशा सन्धेः भेदाः । अच्-प्रकृतिभाव-हल्-विसर्ग-स्वादि-

सन्धिषु अच्सन्धिः कथमयादित्वम् आवहति कश्च अयादेः अर्थः अयादिविधायकानि कति सूत्राणि सन्ति? अयादिसन्धेः किं फलम् ? कानि उदाहरणानि प्रत्युदाहरणानि च ? इत्येते विषयाः इदानीम् आलोच्यन्ते।

संस्कृतजगत्यस्मिन् बहवः वैयाकरणाः सन्ति। तेषु भट्टोजिदीक्षितो अन्यतमः। सिद्धान्तकौमुदी इति व्याकरणग्रन्थः भट्टोजिदीक्षितेन विरचितम्। भट्टोजिदीक्षितस्य शिष्यः वरदराजः लघुसिद्धान्तकौमुदीं रचितवान्। सिद्धान्तकौमुदीग्रन्थानुसारं पञ्चसन्धयः विद्यन्ते ते यथा-

१-अच्सन्धिः २-हल्सन्धिः ३-विसर्गसन्धिः

४- स्वादिसन्धिः ५-प्रकृतभावसन्धिः

तेषु अच् सन्धिः अन्यतमः ।अच् सन्धेः अयादिसन्धेः नवीनोदाहरणानि अत्र आलोच्यन्ते। वैयाकरणसिद्धान्तकौमुद्याम् अयादिसन्धौ नविनोदहरणानां विचारः।

सिद्धान्तकौमुद्याम् अच्सन्धौ "एचोऽयवायावः" "वान्तो यि प्रत्यये" इति सूत्राभ्यामयादयः आदिश्यन्ते। किं च "गव्यूतिः" इत्युदाहरणे "अध्वपरिमाणे च" इति वार्तिकेनैव अवादेशः विधीयते। "यथासंख्यमनुदेशं समानाम्" इति परिभाषा "एचोऽयवायावः" इति विधिसूत्रे उपतिष्ठते इति कारणात् "एचोऽयवायवः" इति सूत्रेण भविष्यमाणाः अयादयः आदेशाः यथाक्रमं स्थानिनः स्थानानुगुणम् आदिश्यन्ते। आहत्य वक्तुमिदं शक्यते यत् "एचोऽयवायावः" इति सूत्रेण ए, ओ, ऐ,औ इत्येतेषु स्थानेषु अय्, अव्,आय्,आव् एते आदेशाः यथाक्रमं भविष्यन्ति। ते यथा –

(क) वृहस्पते + ए = बृहस्पतये

(ख) इन्द्रे + ऐश्वर्यम् = इन्द्र्यैश्वर्यम्

(ग) सौम्ये + उन्नतिः = सौम्ययुन्नतिः

(घ) माधवे + अवोन्नतिः= माधवयवोन्नतिः

(ङ) हे मधो + एहि मृत्युं = हे मधवेहिमृत्युम्

(च) हे धेनो +अत्र आगच्छ =हे धेनवत्र आगच्छ

(छ) रै+औ = रायौ

(ज) अस्मै+इन्द्राय =अस्मायिन्द्राय

(झ) भानौ+अंशवः = भानावंशवः

(ञ)जानौ+अतिवज्राभावः = जनावतिवज्राभावः

(ट) बालके+ईश्वरः = बलकयीश्वरः

(ठ) हरौ+आसक्तः = हरवासक्तः

(ड) गणे+एकता = गणयेकता

(ढ) हरौ+इच्छा = हराविछा

(ण) रामे+उष्णता = रामयुष्णता

(द) गुरौ+अतीवकान्तः = गुरावतीवकान्तः

(त) हे शिशो+अत्रैवतिष्ठ = हे शिशवत्रैवतिष्ठ

(ध) व्याकरणे+ उन्नतिः = व्याकरणयुन्नतिः

(थ) श्रुतौ+आकर्षणं परिलक्ष्यते = श्रुतावाकार्षणं परिलक्ष्यते

ननु एकार-ऐकारयोः स्थाने अयायादेशौ ओकार-औकारयोः स्थाने अवावादेशौ कथम् इति महाभाष्ये पूर्वपक्षे अत्र भगवान् पतञ्जलिः समाधानं प्रस्तौति यत् सन्ध्यक्षरस्य एकारस्य तथा च ऐकारस्य मूलभूतसन्धिवर्णा अकारआकारौ इकारईकारौ च अत्र मूलवर्गाणां कण्ठतालुस्थानत्वात् भवेत्. तदर्थं भगवान् पतञ्जलिः एकारस्य स्थाने कण्ठतालुस्थानधर्मवन्तम् अयादेशं सम्पादयति । किं च ओकारस्य औकरस्य च जायमानः आदेशः अपि कण्ठोष्ठस्थानधर्मवान् भवेत्। ओकार-औकारयोः स्थाने करिष्यमाणः आदेशः अपि कण्ठोष्ठधर्मवान् भवेत्। तस्मात् ओकारौकारयोः अव्-अवादेशौ भवतः इति।

भाष्यकारस्य आशयः – ननु ओयते औयत इत्यत्र "धातोस्तन्निमित्तस्यैव" इति सूत्रं नियमयति । यादौ प्रत्यये परे धातौश्चश्चेद्वान्तादेशः तर्हि तन्निमित्तस्यैव नान्यस्य । तद् यथा "लूञ् छेदने" इति धातोः यत् प्रत्यये सति "सार्वधातुकार्धधातुकयोः" इति सूत्रेण यत् प्रत्ययं निमित्तकृत्य ऊकारस्य गुणे सति ओकारो जायते अयम् ओकारः प्रत्ययनिमित्तकः वर्त्तते। तस्मात् अस्य स्थाने अवादेशः भूत्वा "लव्यम्" इति सिध्यति । परन्तु ओयते इत्यत्र ओकारः यादि प्रत्ययनिमित्तकः नास्ति इति कारणात् ओकारस्य अवादेशः न भवति । धातोस्तन्निमित्तस्यैव इति सूत्रसहकारेण "वान्तो यि प्रत्यये" इति सूत्रस्य सार्थकता प्रतिपाद्यते इति ।

भट्टोजिदीक्षितस्य सिद्धान्तकौमुदीग्रन्थमाधारीकृत्य अयादिसन्धेः नवीनोदाहराणानां वर्णना शोधपत्रेऽस्मिन् विद्यते। शोधपत्रेऽस्मिन् निष्कर्षः यथा –

1. अनेन शोधपत्रसाहाय्येन जनेषु नवीनोदाहराणानां ज्ञानं भवति।

2. अस्य शोधपत्रस्य साहाय्येन लघुवालाः अपि अयादि सन्धेः ज्ञानं प्राप्तुं शक्नुवन्ति।

3. अनेन शोधपत्रेण छात्रेषु व्याकरणपठस्य इच्छा उत्पद्यते।

# പാഴ്‌വേല

*ശ്രീമതി കെ എ ജെസ്സി, മലയാളം അധ്യാപിക*

ഭൂമിക്കൊരു ചരമഗീതം
നമുക്കും ,നന്മയ്ക്കും.
'സർവ്വം ബ്രഹ്മമയം ' പഴയ പാഠം
'സർവ്വം ധനമയം ' പുതിയ പാഠം
കാലത്തിനൊത്ത് നാം ഓടുമ്പോൾ
കാലം കാലിൽ ചിറകാകുമ്പോൾ
ഒരിക്കൽ ചിറകിൽ,
വജ്രായുധം പതിക്കുമ്പോൾ
നാം നിസ്സഹായരാകുന്നു, നിസ്സാരരാകുന്നു .
'അനുഭവം ഗുരു 'വെന്നു പഴയ പാഠം
'അനുഭവം പോട്ടെ ' യെന്ന് പുതിയപാഠം
പാഠങ്ങൾ പാഠഭേദങ്ങളാകുമ്പോൾ
പഠനം പാഴ്‌വേലയാകുന്നു.



ADIDEV AYYAPPAN

# ഗുരുവായൂർ പരിസരം

*ഡോ. ശ്രീനിവാസൻ പി.കെ, ജ്യോതിശാസ്ത്രവിഭാഗം*

കേന്ദ്രീയ സംസ്കൃത സർവകലാശാലയുടെ പുറനാട്ടുകരയിലെ ഗുരുവായൂർ പരിസരം ഇന്ന് കാണുന്ന തലത്തിലേക്ക് ഉയർന്നു വന്നതിന്റെ ചരിത്രം മനസ്സിലാക്കുന്നത് ഈ പരിസരത്തിലെ വർത്തമാനകാല വിദ്യാർഥികൾക്കും അധ്യാപകർക്കും മുതൽക്കൂട്ടാണ്.ഏറെ അഭിമാനകരമായ ഇന്നത്തെ അവസ്ഥയിലെത്തിക്കാൻ ഏറെ ത്യാഗങ്ങൾ അനുഷ്ഠിച്ചവരെ സ്മരിക്കുക നമ്മുടെ കർത്തവ്യമാണല്ലോ!

1909ൻറെ ആദ്യകാലത്ത് ശ്രീമാൻ പി.ടി. കുര്യാക്കോസ് എന്ന അധ്യാപകൻ സ്ഥാപിച്ച സംസ്കൃതവിദ്യാലയം വളർന്ന് പന്തലിച്ച് 1911ൽ സാഹിത്യ ദീപിക എന്ന് നാമകരണം ചെയ്യപ്പെട്ട് കുര്യാക്കു എന്ന് വിളിക്കപ്പെട്ടിരുന്ന പി.ടി. കുര്യാക്കോസ് മാഷ് ഉന്നതമായ നിലയിൽ നടത്തിക്കൊണ്ട് പോന്നു. വാടകകെട്ടിടത്തിൽ നല്ലനിലയിൽ പ്രവർത്തിച്ച കൊണ്ടിരുന്ന വിദ്യാലയത്തിന് 1913-ൽ മദ്രാസ് സർക്കാർ അംഗീകാരം നൽകി. 1916 ആകുമ്പോഴേക്കും പേരും പ്രശസ്തിയും സമ്പാദിച്ച ഈ വിദ്യാലയം 'അഡ്വാൻസ്ഡ് സ്കൂൾ' എന്ന പദവി കൈവരിച്ചു.

കുര്യാക്കോസ് മാഷിനു പുറമെ ഇടത്തും പടിക്കൽ കോരപ്പൻ ഗുരുക്കൾ, വട്ടാരങ്ങത്ത് പത്മനാഭൻ നായർ, പൂവത്തൂർ ചാലിശ്ശേരി വാസുദേവൻ ഇളയത് (പി.സി. വാസുദേവൻ ഇളയതിൻറെ പിതാവ് ) എന്നിവരും "സാഹിത്യദീപിക" യിൽ അധ്യാപനം നടത്തിപ്പോന്നു. സംസ്കൃതത്തിലെ ഉന്നതപരീക്ഷകൾക്കുള്ള പാഠനങ്ങൾ ആരംഭിക്കപ്പെട്ടു. മദ്രാസ് സർവ്വകലാശാലയുടെ അംഗീകാരത്തിനായുള്ള പ്രവർത്തനങ്ങൾ തുടർന്നു. 1932-ൽ സംസ്കൃതവിദ്വാൻ സംസ്കൃതശിരോമണി എന്നീ പാഠ്യക്രമങ്ങൾ ആരംഭിച്ചു. മദ്രാസ് സർവകലാശാല സത്യമൂർത്തി കമ്മീഷനെ നിയമിച്ച് അദ്ദേഹം ശുപാർശ ചെയ്തതനുസരിച്ച് 1934 ൽ "സാഹിത്യദീപിക" യെ കോളേജ് ആയി അംഗീകരിച്ചു. 1935 ൽ മലയാളം എൻട്രൻസ് 1937 ൽ മലയാളം വിദ്വാൻ എന്നീ പാഠ്യക്രമങ്ങളും ആരംഭിച്ചു. 1938ൽ ഈ പാഠ്യക്രമങ്ങൾ കേരള സർവ്വകലാശാല അംഗീകരിച്ചു.

ചിറ്റിലപ്പള്ളി ലോനപ്പൻ വറീദ് എന്ന വ്യാപാരിയുടെ സഹായത്തോടുകൂടി ഈ ആകൃതിയിലുള്ള കോളേജിനായുള്ള കെട്ടിടം 1939ൽ പാവറട്ടിയിൽ നിർമിക്കാൻ സാധിച്ചു. അതുകൊണ്ട് തന്നെ മദ്രാസ് സർവകലാശാലയുടെ അംഗീകാരം നിലനിർത്താൻ കഴിഞ്ഞു. സർവകലാശാലാ പരീക്ഷാകേന്ദ്രമായി കോളേജ് മാറി. ഇതോടൊപ്പം "സാഹിത്യദീപികാസമാജം" എന്നപേരിൽ ഒരു മാനേജിങ്ങ് കമ്മറ്റി രൂപീകരിച്ചു പ്രർത്തിച്ചു. എച്ച്. എച്ച് പുന്നത്തൂര് ഗോദശങ്കര ഇളയരാജാ ആയിരുന്നു. അതിൻറെ പ്രസിഡണ്ട്.

ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകൃതമായതോടെ സാഹിത്യദീപിക 1957 കേരള സർവലാശാലയുടെ അധികാരപരിധിയിലായിത്തീർന്നു. സംസ്കൃതം എൻട്രൻസ്, മലയാളം എൻട്രൻസ്, സംസ്കൃതവിദ്വാൻ മലയാളം വിദ്വാൻ എന്നീ പാഠ്യക്രമങ്ങൾ പുതിയ ഭരണസംവിധാനത്തിൻറെ കീഴിലും തുടർന്നുപോന്നു ശിരോമണി ഒഴിവാക്കപ്പെട്ടു.

വൃദ്ധപണ്ഡിതൻമാരായ പ്രൊഫ. പി.സി വാസുദേവൻ ഇളയത്, പ്രൊഫ. നാരായണ പിഷാരടി, പ്രൊഫ. ഇ. ആർ. ശ്രീകൃഷ്ണശർമ്മ. പ്രൊഫ. എൻ. ഡി. കൃഷ്ണനുണ്ണി, ശ്രീ. ഗോവിന്ദ പിഷാരടി ചെറുകാട് എന്നിവരാണ് അദ്ധ്യാപകരായി അക്കാലത്ത് സേവനമനുഷ്ഠിച്ചത്.

കോഴിക്കോട് സർവകലാശാല നിലവിൽവന്നതോടുകൂടി നമ്മുടെ കോളേജ് അതിനോട് അനുബന്ധമാക്കി. ഈ സമയത്ത് മാനേജരും പ്രിൻസിപ്പലുമായി പ്രവർത്തിച്ചിരുന്ന കര്യാക്കോസ് മാഷ് ഭരണാധികാരം മക്കളെ ഏൽപ്പിച്ചു. അങ്ങനെ സർവ്വകലാശാലയുടെ അംഗീകാരത്തോടുകൂടി 9-2-1970ൽ കോളേജിൻറെ ഭരണച്ചുമതല മാനേജർ ഫ്രാൻസിസിന്റേയും ജോസിന്റേയും പേരിലായിതീർന്നു.

മലയാളവിദ്വാന് പഠിക്കാൻ നൂറുകണക്കിന് കുട്ടികളുണ്ടായിരുന്നുവെങ്കിലും സംസ്കൃതം പഠിക്കാൻ കുട്ടികൾ കുറവായിരുന്നു എന്നത് തെല്ല് ആശങ്കയുണർത്തി. ഈ സമയത്താണ് പട്ടാമ്പിയിലെ സർക്കാർ സംസ്കൃതകോളേജിൽ നിന്ന് പ്രിൻസിപ്പളായി വിരമിച്ച പ്രൊഫ. എൻ. വെങ്കിടകൃഷ്ണൻ കോളേജിൽ ജോലിയിൽ പ്രവേശിക്കുകയും ഇദ്ദേഹം കാലോചിതമായ പല പാഠ്യക്രമങ്ങളും കൊണ്ട് വന്ന് കോളേജിനെ ശക്തമാക്കിത്തീർത്തു. 1969ൽ ശ്രീ. എൻ. വെങ്കിടകൃഷ്ണനെ ഓണററി പ്രിൻസിപ്പളായി നിയമിച്ചു. ഇദ്ദേഹം ഡൽഹിയിലെ രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ എന്ന സർവകലാശാലയുമായി കോളേജിന്റെ അംഗീകാരത്തിനു കത്തിടപാടുകൾ നടത്തി. എങ്കിലും വളരെ നാൾ കാത്തിരിക്കേണ്ടിവന്നു.

1972 എന്ന വർഷം കോളേജിന്റെ ചരിത്രത്തിൽ വരെ പ്രധാനപ്പെട്ടതാണ്. പുതിയ മാനേജിങ് കമ്മറ്റി ഉണ്ടാവുകയും 7-4-1973ൽ അത് തൃശ്ശൂരിൽ രജിസ്റ്റർ ചെയ്യപ്പെടുകയും 28-10-1972 ബഹുമാനപ്പെട്ട പ്രൊഫ. ഡി. പി. യാദവ് എന്ന കേന്ദ്രമന്ത്രി കോളേജ് സന്ദർശിക്കുകയും ആ അവസരത്തിൽ കോളേജിന്റെ പേര് ഗുരുവായൂർ സാഹിത്യ ദീപിക സാൻസ്ക്രിറ്റ് വിദ്യാപീഠം പാവറട്ടി എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. ഡോ. ആർ. കെ. ശർമ്മ രാഷ്ട്രീയ സംസ്കൃത സംസ്ഥാന്റെ ഡയറക്ടർ കോളേജ് സന്ദർശിച്ചു.

ഒരു ഉന്നതനിലവാരമുള്ള കോളേജിനാവശ്യമായ സ്ഥലവും കെട്ടിടങ്ങളും എല്ലാം ആവശ്യമായി വന്നപ്പോൾ കോളേജിന്റെ ഭരണസമിതി ഗുരുവായൂർ ദേവസ്വത്തിനെ സമീപിച്ചു. അപേക്ഷപരിഗണിച്ച് ദേവസ്വം ചാവക്കാട് കടൽതീരത്ത് സ്ഥലം അനുവദിച്ചു.

1974ൽ വിദ്യാപീഠത്തിന്റെ കോളേജ് വിഭാഗം ഇവിടുത്തേക്ക് മാറ്റി. ഓലകെട്ടിടത്തിലാണ് അക്കാലത്ത് പാഠനം നടന്നിരുന്നത്. പ്രിൻസിപ്പൾ ആയ പ്രൊഫ. എൻ. വെങ്കിടകൃഷ്ണന്റെ അഭ്യർത്ഥന മാനിച്ച് പ്രൊഫ. ഡി. പി. യാദവ് ഇവിടം സന്ദർശിച്ച് കേന്ദ്രീയ സാൻസ്കൃറ്റ് വിദ്യാപീഠത്തിൻറെ തറക്കല്ലിടൽ 1974 കടൽതീരത്ത് നടത്തി.

കേന്ദ്ര മാനവശേഷിവിഭവ വികസന വകുപ്പിൽ നിന്നും കിട്ടുന്ന ഗ്രാൻറ് ഒഴിച്ചാൽ മറ്റ് സാമ്പത്തിക വരുമാനം കാര്യമായില്ലാത്തതിനാൽ വിദ്യാപീഠം ബുദ്ധിമുട്ടിക്കൊണ്ടിരുന്നു. ശ്രീ എ. കെ. ആൻറണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് പത്തുലക്ഷം രൂപ സംസ്ഥാനസർക്കാറിന്റെ ധനസഹായം ലഭിച്ചു. 1978 ൽ ഡോ. പി. സി ചുണ്ടർ കേന്ദ്രമന്ത്രിയായിരുന്ന കാലത്ത് വിദ്യാപീഠത്തെ ഏറ്റെടുക്കുന്ന കാര്യം പ്രഖ്യാപിച്ചു.

ദ്വാരകാബീച്ചിൽ പ്രവർത്തിച്ചിരുന്ന കലാലയത്തിലേക്ക് 14-12-1977ൽ ശ്രീമതി. രേണുകാ ദേവി ഭർക്കടി എന്ന കേന്ദ്രമന്ത്രി സന്ദർശിച്ച് ഏറ്റെടുക്കലിനായുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കി, കുഞ്ഞുണ്ണിരാജ തലവനായുള്ള സമിതി 1978 ഏപ്രിൽ മാസത്തിൽ വിദ്യാപീഠത്തിന്റെ രൂപരേഖ തയ്യാറാക്കി നിലവിലുള്ള അദ്ധ്യാപകരുടെ കൂടിക്കാഴ്ചകൾ നടത്തി. 10-7-1978ന് കേന്ദ്ര മാനവശേഷിവിഭവ വികസന മന്ത്രി വിദ്യാപീഠം ഏറ്റെടുക്കുന്നതിനുള്ള അന്തിമതീരുമാനം എടുത്തു. ആറുവർഷത്തിലധികം നീണ്ടുനിന്ന പരിശ്രമങ്ങൾക്കും പ്രവർത്തനങ്ങൾ ഒടുവിൽ 16-07-1979ന് സാൻസ്കൃറ്റ് വിദ്യാപീഠം ഗുരുവായൂർ ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടു. രാഷ്ട്രീയ സംസ്കൃത സംസ്ഥാന്റെ കാര്യാലയത്തെ പ്രതിനിധീകരിച്ച് ഡോ. എം. മധുസൂദൻ മിശ്രയും ശ്രീ. വി.എസ് സരിൻ ഉം പങ്കെടുത്തു. തീർച്ചയായും അത് സാഹിത്യദീപിക സാൻസ്കൃറ്റ് കോളേജിന്റെ രണ്ടാം ജന്മമായിരുന്നു. ഈ അവസരത്തിൽ പ്രൊഫ. എൻ. വെങ്കിടകൃഷ്ണനെന്ന അക്കാലത്തെ പ്രിൻസിപ്പലിനോട് ഏറെ കടപ്പെട്ടിരിക്കുന്നു. ആ സമയത്ത് പാവറട്ടിയിലും ദ്വാരകാ ബീച്ചിലുമായി ക്ലാസുകൾ നടന്നു പോന്നു.

പാവറട്ടിയിൽ നിന്നും പുറനാട്ടുകരയിലേക്ക് കോളേജ് മാറ്റുന്നതിന്റെ ഭാഗമായി കെട്ടിട നിർമാണാരംഭത്തിന്റെ തറക്കല്ലിടൽ 13-3-1982ന് നടന്നു. 1983 സെപ്റ്റംബർ 4ന് ഔദ്യോഗികമായ ഉദ്ഘാടനം നടന്നു. ശ്രീരാമകൃഷ്ണമഠത്തിന്റെയും ശ്രീശാരദാമഠത്തിന്റെയും ആദ്ധ്യാത്മിക ചൈതന്യത്തിന്റെ വസന്തത്തിൽ തിളങ്ങുന്ന രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ ഗുരുവായൂർ പരിസരം അങ്ങനെ ശോഭിക്കുന്നു. 2020ൽ രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ കേന്ദ്രീയ സംസ്കൃത സർവകലാശാലയായി ഉയർത്തപ്പെട്ടു. അങ്ങനെ ബഹു-പരിസരസമേതമായ കേന്ദ്രീയ സംസ്കൃത സർവ്വകലാശാലയുടെ ഭാഗമായി ഗുരുവായൂർ പരിസരം പരിലസിക്കുന്നു.

## സംസ്കൃതപ്രണയഭാജനം കുര്യാക്കു മാസ്റ്റർ (1889-1973)



കുര്യാക്കു എന്ന് അറിയപ്പെട്ടിരുന്ന ശ്രീമാൻ പി.ടി. കുര്യാക്കോസ് മാഷ് 1889 ഒക്ടോബർ 4ന് ജനിച്ചു. പൂക്കോട്ടിൽ പൊറിഞ്ചു താറുവിന്റെയും വടക്കൂട്ട് വറീദ് ഏലിയായുടെയും മകനായി ഒരുമനയൂർ എന്ന ഗുരുവായൂരിനടുത്തുള്ള ചെറുഗ്രാമത്തിൽ ജനിച്ചു. കുര്യാക്കോസ് എന്നതിന് ഗ്രീക്ക് ഭാഷയിൽ "സ്നേഹഭവനം" എന്നാണ് അർത്ഥം. മാതാപിതാക്കളുടെ നാലുമക്കളിൽ മൂത്തയാളായിരുന്ന അദ്ദേഹത്തിന്റെ പിതാവ് ഗ്രാമത്തിലെ ചെറിയ ഓയിൽ മില്ല് നടത്തുകയായിരുന്നു.

ഇദ്ദേഹത്തിന്റെ ആദ്യഗുരു കളരിക്കൽ കുഞ്ഞുണ്ണി പണിക്കരായിരുന്നു. ആ ഗ്രാമിലെ പ്രമുഖപണ്ഡിതന്റെ കീഴിൽ വിദ്യാഭ്യാസം അതിനുശേഷം ഒരുമനയൂർ എലിമെൻററി സ്കൂളിൽ ചേർന്നു. പിന്നീട് റവറൻറ് ഫാദർ ജോൺ ആലപ്പാട്ട് സ്ഥാപിച്ച പ്രൈമറി സ്കൂളിൽ ചേർന്നു പഠിച്ചു. ഔദ്യോഗിക വിദ്യാഭ്യാസത്തിനായി അതിനു ശേഷം ചാവക്കാട് ബോഡ് സ്കൂളിൽ പ്രവേശിപ്പിക്കപ്പെട്ടു. ആ വിദ്യാഭ്യാസം പകുതിയിൽ അദ്ദേഹം സംസ്കൃതപഠനത്തിൽ ശ്രദ്ധിച്ചു. ഒരുമനയൂരിലെ കുട്ടികൃഷ്ണപണിക്കരെ ഗുരുവാക്കി സംസ്കൃതപഠനം തുടർന്നു.

**1909**ൽ അദ്ദേഹത്തിന്റെ കുടുംബം ഒരുമയൂരിൽനിന്നും പാവറട്ടിയിലേക്ക് താമസം മാറ്റി. അത് കുര്യാക്കോസ് മാഷിന്റെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. അവിടെ വെച്ച് സംസ്കൃതം പഠിപ്പിക്കാൻ ആരംഭിച്ചു. 1910ൽ കൊച്ചുമറിയത്തെ ജീവിതസഖിയാക്കി. 1911ൽ സംസ്കൃതപാഠശാലയെ എലിമെൻററി സ്കൂളായി അംഗീകരിച്ചു. ഇക്കാലത്ത് പട്ടാമ്പി സംസ്കൃതകോളേജ് സ്ഥാപകനായിരുന്ന പുന്നശ്ശേരിനീലകണ്ഠശർമ്മയുമായി അടുത്തബന്ധം പുലർത്തിപ്പോന്നു. കുര്യാക്കുമാഷിന്റെ സേവനങ്ങൾ കണ്ട് "സംസ്കൃതപ്രണയഭാജനം" എന്ന പേര് നൽകി. സാഹിത്യദീപിക എന്നനിലയിൽ നിന്ന് കേന്ദ്രീയ സംസ്കൃത സർവകലാശാലയുടെ പരിസരം എന്നനിലയിൽ വളർത്തിക്കൊണ്ടുവന്നതിൽ മുഖ്യപങ്ക് വഹിച്ചു. തന്റെ സർവസ്വവും സംസ്കൃതത്തിനു വേണ്ടി ത്യാഗം ചെയ്ത ആ മഹാനുഭാവൻ 1973 ഫെബ്രുവരി 23ന് ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തിന്റെ സംസ്കൃതപ്രേമവും ശിഷ്യവാത്സല്യവും പാഠനകൗശലവും എന്നെന്നും നിലനിൽക്കും.

# മഹാഭാരതം സ്വർഗ്ഗാരോഹണപർവ്വം

*ഡോ. ഒ. വി. ഷിബു ഗുരുപദം, വേദാന്തവിഭാഗം*

"നമോസ്തുതേ വ്യാസവിശാലബുദ്ധേ
ഫുല്ലാരവിന്ദായതപത്രനേത്ര
യേനത്വയാ ഭാരത തൈലപൂർണ്ണ
പ്രജ്ജ്വാലിതോ ജ്ഞാനമയപ്രദീപ"

മഹാഭാരതത്തിലെ 18 പർവ്വങ്ങളിൽ അന്തിമമാണ് സ്വർഗ്ഗാരോഹണപർവ്വം. മറ്റുള്ള പർവ്വങ്ങളെ അപേക്ഷിച്ച് വിഷയ ലഘുത്വമാണ് ഈ പർവ്വത്തിലുള്ളത്. മഹാഭാരത കഥയിലെ സാരാംശം മുൻപർവ്വങ്ങളിൽ നിന്ന് സംക്ഷിപ്തമായി സ്വീകരിച്ച് ആമുഖമായി സൂചിപ്പിച്ച് കൊണ്ട് സമീക്ഷാത്മകപഠനമായി സ്വർഗ്ഗാരോഹണ പർവ്വത്തെക്കുറിച്ചുള്ള പ്രബന്ധം സജ്ജന സമക്ഷം അവതരിപ്പിക്കുന്നു.

ഭഗവാൻ വേദവ്യാസൻ ആറുതലമുറകാലത്തെ നീണ്ട ജീവിതം കൊണ്ട് തനിയ്ക്ക് ഗ്രഹിയ്ക്കുവാൻ സാധിച്ചിട്ടുള്ള സകലധർമ്മ തത്വങ്ങളും ശാസ്ത്രതത്വങ്ങളും മഹാഭാരതത്തിൽ വളരെ കലാഭംഗിയോട് കൂടി ഇണക്കി ചേർത്തിരിയ്ക്കുന്നു. എങ്ങനെ എല്ലാ നദീ പ്രവാഹങ്ങളും ഒരേ മഹാസമുദ്രത്തിൽ വന്നു ചേരുന്നുവോ, എങ്ങനെ സകല ഉപനിഷത് വാക്യങ്ങളും ഒരേ ബ്രഹ്മതത്വത്തിൽ സമന്വയിയ്ക്കുന്നുവോ, അങ്ങനെ ലൗകികങ്ങളും വൈദീകങ്ങളുമായ വേദവ്യാസന്റെ സർവ്വവിജ്ഞാനങ്ങളും ശ്രീ മഹാഭാരതത്തിൽ വന്നു വിലയം പ്രാപിച്ചിരിയ്ക്കുന്നു വേദവ്യാസന്റെ പുത്രനാണ് പാണ്ഡു. പാണ്ഡുവിന്റെ മദ്ധ്യമപുത്രൻ അർജ്ജുനൻ, അർജ്ജുനന്റെ പുത്രൻ അഭിമന്യു, അഭിമന്യുവിന്റെ പുത്രൻ പരീക്ഷിത്ത്, പരീക്ഷിത്തിന്റെ പുത്രൻ ജനമേജയൻ. ആ ജനമേജയന്റെ സർപ്പസത്രത്തിൽ വേദവ്യാസന്റെ മുൻപിൽവെച്ച് വ്യാസശിഷ്യനായ വൈശമ്പായനൻ പറഞ്ഞ് കേൾപ്പിച്ച ഇതിഹാസമാണ് മഹാഭാരതം. വേദവ്യാസന്റെ വിജ്ഞാനം മുഴുവനും മഹാഭാരതത്തിലുണ്ട്. "വ്യാസോച്ഛിഷ്ടം ജഗത്സർവ്വം" എന്ന വാചകം പ്രസിദ്ധമാണ്.

മഹാഭാരതം ഭാരതീയരുടെ ചരിത്രത്തിന്റെയും ചരിത്രമാണ്. ശാസ്ത്രങ്ങളുടേയും ശാസ്ത്രമാണ്. കാവ്യങ്ങളുടേയും കാവ്യമാണ്. ഒന്നേകാൽ ലക്ഷം ശ്ലോകങ്ങളുള്ള ഈ മഹാഗ്രന്ഥത്തിൽ കാണാത്തതായി യാതൊന്നും ഉണ്ടാവുകയില്ല. ഇതുപോലെ ഗൗരവമുള്ള ഒരു ഗ്രന്ഥം വേറെയില്ല.

"മഹത്വാത് ഭാരവത്വാച മഹാഭാരതമുച്യതേ"

'ധർമ്മസ്യ ഗഹനാഗതി' എന്നാണ് വ്യാസമതം. അധർമ്മത്തിലും ധർമ്മമുണ്ടായേക്കാം. ധർമ്മത്തിൽ അധർമ്മവും വരാം. അതു സൂക്ഷ്മമായി കണ്ടുപിടിയ്ക്കാൻ വളരെ പ്രയാസമുണ്ട്.

ധർമ്മത്തിന്റെ തത്വം അതിനിഗൂഢമാണ് മഹാത്മാക്കളുടെ മനസാക്ഷിയ്ക്ക് ശരിയെന്നു തോന്നുന്നതാണ് ധർമ്മം. അതിന് തെറ്റെന്ന് തോന്നുന്നത് അധർമ്മവും ഒടുവിൽ ധർമ്മത്തിനാണ് ജയം. ഇതാണ് മഹാഭാരതത്തിന്റെ അടിസ്ഥാന തത്വം. യുധിഷ്ഠിരൻ ദുര്യോധനാദികളെകാണുന്നത്, യുധിഷ്ഠിരന്റെ നരകദർശനം, യുധിഷ്ഠിരന്റെ ദേഹത്യാഗം, വാസുദേവാദി ദർശനം, സ്വർഗ്ഗഗതി വിവരണം, മഹാഭാരതശ്രവണ വിധി എന്നീ വിഷയങ്ങളാണ് സ്വർഗ്ഗാരോഹണ പർവ്വത്തിൽ അന്തർഭവിയ്ക്കുന്നത്.

ദ്വാരക കടലെടുത്തു ശ്രീകൃഷ്ണൻ സ്വർഗ്ഗാരോഹണം ചെയ്തു ഇനി ഭൂമിയിൽ ജീവിയ്ക്കുന്നതിൽ അർത്ഥമില്ല എന്ന് മനസ്സിലാക്കിയ യുധിഷ്ഠിരൻ മനസ്സുറപ്പിച്ച് പറഞ്ഞു. കാലചക്രം നമുക്കെതിരായി തിരിയാൻ തുടങ്ങിയിരിക്കുന്നു. ശ്രീകൃഷ്ണൻ ഈ ഭൂമിയിൽ നിന്നും മോചനം നേടിയതോടെ നമ്മുടെ ശക്തിയും ശൂന്യമായി തീർന്നിരിക്കുന്നു. ഇനി നാമും നമ്മുടെ ഇഹലോകവാസത്തിന്റെ പരിസമാപ്തിയെക്കുറിച്ച് തീരുമാനത്തിൽ എത്തേണ്ടതായിരിക്കുന്നു ജ്യേഷ്ഠന്റെ അഭിപ്രായത്തിൽ എല്ലാവരും സമ്മതം മൂളി. പുത്രന്റെ പുത്രനെ കണ്ടാൽ വാനപ്രസ്ഥം സ്വീകരിയ്ക്കണമെന്ന് ധർമ്മശാസ്ത്രവ്യവസ്ഥ പഞ്ചപാണ്ഡവരിലൂടെ വരച്ച് കാണിയ്ക്കുകയാണ് വേദവ്യാസൻ.

സകല ഭൗതിക സുഖങ്ങളും ഉപേക്ഷിച്ച് അവസാന യാത്രയ്ക്കുള്ള തയ്യാറെടുത്ത് പരീക്ഷിത്തിനെ രാജാവായി അഭിഷേകം ചെയ്തു തനിയ്ക്ക് ശേഷം പ്രളയം വന്ന് എല്ലാം നശിച്ച് പോകുമെന്നുള്ള ചിന്തയിലല്ല ഭരണം നിർത്തേണ്ടത് തനിയ്ക്ക് ശേഷവും ധർമ്മവും ഭരണവും, താൻ പ്രവർത്തിച്ച പ്രസ്ഥാനവും പരമ്പരാഗതമായി നിലനിൽക്കണമെന്ന ആഗ്രഹത്തോട് കൂടി അതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടാണ് ഭരണസ്ഥാനത്തുനിന്നും പിൻമാറേണ്ടത്. സ്വധർമ്മങ്ങളനുഷ്ഠിയ്ക്കാതെ വീണ്ടുവിചാരമില്ലാതെ രാഷ്ട്രബോധമില്ലാതെ ജീവിതാന്ത്യകാലങ്ങളിൽ നടത്തുന്ന ഒളിച്ചോട്ടമല്ല വാനപ്രസ്ഥമെന്ന് വ്യാസൻ സവിസ്തരം ഇവിടെ പ്രതിപാദിയ്ക്കുന്നു. യുയുത്സുവിനെ പരിക്ഷീത്തിന്റെ രക്ഷിതാവായും കൃപാചാര്യരെ ഉപദേഷ്ടാവായും നിയമനം ചെയ്തു. പാണ്ഡവന്മാർ തങ്ങളുടെ തീരുമാനം പൗരജനത്തെ പരസ്യമായി അറിയിക്കുകയും ചെയ്തു. വിശേഷവസ്തുങ്ങൾ ഉപേക്ഷിച്ച് മരവുരിയും മാന്തോലും ധരിച്ച് യാത്രയ്ക്കൊരുങ്ങി. എറ്റവും മുൻപിൽ യുധിഷ്ഠിരൻ ക്രമമായി മറ്റ സഹോദരന്മാരും ഒടുവിൽ പാഞ്ചാലിയും യാത്രയാരംഭിച്ചു. യാത്രമദ്ധ്യേ കടലെടുത്ത ദ്വാരകാസ്ഥാനം ദർശിച്ച് ഗാണ്ഡീവവും അമ്പൊടുങ്ങാത്ത ആവനാഴിയും വരുണന് സമർപ്പിച്ച് എല്ലാ നഷ്ടപ്പെടുത്തി എന്നാൽ ഒന്നും നഷ്ടപ്പെട്ടിട്ടില്ല, എന്ന ഭാവത്തിൽ ഒരു പുതിയ പൗരുഷചൈതന്യത്തിൽ തിരിഞ്ഞ് നോക്കാതെ നടന്നു. ഹിമവാന്റെ അടിവാരം താണ്ടി മഹാമഹാമേരുവിൽ എത്തി അവിടെ ദ്രൗപതി തളർന്ന് താഴെ വീണു അന്ത്യശ്വാസം വലിയ്ക്കുകയും ചെയ്തു. പരിഭ്രമത്തോടെ ഭീമൻ ധർമ്മപുത്രരോട് പാഞ്ചാലിയുടെ മരണകാര്യം അന്വേഷിച്ചു.

ധർമ്മപുത്രൻ മറുപടി പറഞ്ഞു.

“അവൾക്ക് ഒരു സ്വഭാവദൂഷ്യം ഉണ്ടായിരുന്നു. അഞ്ചു ഭർത്താക്കന്മാരിൽ അർജ്ജുനനോട് കൂടുതൽ പക്ഷപാതം അവൾ കാണിച്ചിരുന്നു. അതിന്റെ ഫലമാണ് ഭീമാ തിരിഞ്ഞ് നോക്കാതെ നടന്ന് വരൂ” ഇങ്ങനെ ഓരോരുത്തരും ഒടുവിൽ ഭീമനും നടപാതയിൽ വീണു അന്ത്യശ്വാസം വലിച്ചു. ഓരോരുത്തരുടേയും ജീവിതത്തിൽ ഇവർ വ്യതിചലിച്ച ധർമ്മബിന്ദുക്കൾ യുധിഷ്ഠിരൻ ഭീമനോട് വിശദീകരിച്ചിരുന്നു. ഇവിടെ സാമാന്യജനങ്ങളിൽ സ്പർശിയ്ക്കാത്ത ചിന്തയാണ് വ്യാസൻ നമുക്ക് മുമ്പിൽ അവതരിപ്പിച്ചത് സാമാന്യദൃഷ്ടിയിൽ പാണ്ഡവർ ധർമ്മിഷ്ഠരും കൗരവ്വം അധർമ്മികളുമാണ് അപ്പോൾ പാണ്ഡവർക്ക് ഇങ്ങനെ ഒരു ദുസ്ഥിതി വരാൻ കാരണമില്ല. പിന്നെ എന്തുകൊണ്ട് സംഭവിച്ചു. ധർമ്മഷ്ഠിനായി ജീവിയ്ക്കുന്ന ഒരുവൻ ഏതെങ്കിലും സമയത്ത് അറിഞ്ഞോ അറിയാതെയോ ധർമ്മത്തിൽ നിന്ന് വ്യതിചലിച്ചാൽ ആ സമയത്ത് സാമാന്യജനം അദ്ദേഹത്തെ അധർമ്മിയെന്ന് വിളിച്ചില്ലെങ്കിലും ഈശ്വരന്റെ കണക്കുപുസ്തകത്തിൽ അത് രേഖപ്പെടുത്തും എന്നുള്ളതിന് തെളിവാണ് ഓരോരുത്തരുടേയും പതനം. ഭഗവാനെ ഹൃദയത്തിൽ ബന്ധിച്ച് യുദ്ധം നിർത്തികളയുമെന്ന് വരെ ഭീഷണി മുഴക്കിയ ആളാണ് സഹദേവൻ, ഭക്തന് ഭഗവാനെ ഹൃദയത്തിൽ ബന്ധിയ്ക്കുവാൻ സാധിക്കും അത്ര വലിയ ഭക്തനും ജ്ഞാനിയുമാണ് താനെന്നുള്ള അഹങ്കാരം സഹദേവനുണ്ടായിരുന്നു ഏറ്റവും സൗന്ദര്യമുള്ള പുരുഷൻ താനാണെന്നുള്ള അഹങ്കാരം നകുലനും, ഒറ്റ പകൽ കൊണ്ട് ശത്രുക്കളെ മുഴുവൻ ചുട്ടുസംഹരിയ്ക്കാമെന്നുള്ള അഹങ്കാരം അർജ്ജുനനും ഉണ്ടായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ ഭീമനും നിലം പതിച്ചു. “താൻ ചെയ്തപാപമെന്താണെന്ന് പറഞ്ഞ് തരു ജ്യേഷ്ഠാ” എന്ന് ഭീമൻ ചോദിച്ചപ്പോൾ “താനാണ് വലിയ ബലവാൻ എന്നുള്ള അഹങ്കാരം നിനക്കുണ്ടായിരുന്നു ഭീമാ” എന്ന് യുധിഷ്ഠിരൻ മറുപടി പറഞ്ഞു ധർമ്മത്തിൽ നിന്ന് വ്യതിചലിച്ചാൽ ഇന്നല്ലങ്കിൽ നാളെ അതിന്റെ തിക്തഫലം നാം അനുഭവിക്കേണ്ടി വരുമെന്നുള്ളതിന്റെ മുക്തഭാവമാണ് പാണ്ഡവരിലൂടെ നാം കണ്ടത് യുധിഷ്ഠിരൻ കൂടെയുള്ള നായയുമായി യാത്ര തുടർന്നു ധർമ്മപുത്രരെ സ്വർഗ്ഗത്തിലേക്ക് കൂട്ടികൊണ്ടുപോകുവാൻ ദേവേന്ദ്രൻ രഥവുമായി എത്തി അനുജന്മാരില്ലാതെ താനൊറ്റയ്ക്ക് സ്വർഗ്ഗലോകത്തേക്ക് ഇല്ലാ എന്ന് പറഞ്ഞെങ്കിലും അവരെല്ലാം ഭൂമിയിലെ ശരീരം വെടിഞ്ഞ് സ്വർഗ്ഗലോകത്ത് എത്തികഴിഞ്ഞു എന്നുള്ള ഇന്ദ്ര വചനം കേട്ട് അദ്ദേഹം പോകുവാൻ തയ്യാറായി.

നായയെയും കൂടെകൂട്ടണമെന്ന് യുധിഷ്ഠിരൻ അഭ്യർത്ഥിച്ചു. ഇന്ദ്രൻ വിസമ്മതിച്ചു ഹസ്തിനപുരം മുതൽ എന്നെ നിമിഷനേരം പോലും പിരിയാതെ അനുഗമിക്കുന്ന ഈ മൃഗത്തെ കൂടാതെ ഞാൻ സ്വർഗ്ഗത്തിലേക്ക് വരുന്നില്ല. പട്ടിയായാലും പറയനായാലും

ആശ്രയം അപേക്ഷിക്കുന്നവനെ സംരക്ഷിക്കലാണ് ക്ഷാത്ര ധർമ്മം ഇവിടെ എഴുത്തച്ഛന്റെ വരികൾ ഇങ്ങനെയാണ്.

"സർവ്വതോരക്ഷേച്ഛ്രുന്വപചാനപിമുഹ്ഥ...
ദുർവ്വീപാലകനായലാശ്രിതനെന്നുണ്ടല്ലോ"

ഈ സമയം ശ്വാവിന്റെ രൂപം പൊടുന്നനെ മാറി അത് യഥാർത്ഥത്തിൽ യമധർമ്മദേവനായിരുന്നു സ്വന്തം പുത്രന്റെ ധർമ്മനീതി പരീക്ഷിക്കാനായി നായയുടെ രൂപം പൂണ്ട് അവരെ പിൻതുടർന്നതായിരുന്നു. ഇതുപോലെ മുൻപൊരു പരീക്ഷണം ദ്വൈതവനത്തിൽവെച്ച് നടത്തി വിജയിച്ചതാണ് ഉടലോടെ സ്വർഗ്ഗത്തിലേക്ക് പോകാനുള്ള അനുഗ്രഹം നൽകിയിട്ട് യമദേവൻ അന്തർധാനം ചെയ്തു.

സ്വർഗ്ഗത്തിൽചെന്ന യുധിഷ്ഠിരൻ തന്റെ സഹോദരങ്ങളെ കാണാതെ വിഷമിച്ച സഹോദരങ്ങൾ ഇല്ലാത്ത സ്വർഗ്ഗം എനിക്ക് വേണ്ടാന്ന് പറഞ്ഞു. അവരില്ലാത്ത ഇടം എനിക്ക് നരകമാണ് എന്നെ അവരുടെ അടുത്തേക്ക് നയിക്കു. എന്ന് യുധിഷ്ഠിരൻ വാശിപിടിച്ച ആ സമയത്ത് സിംഹാസനത്തിൽ ആർഭാടങ്ങളോട് കൂടിയിരിക്കുന്ന ദുര്യോധനനെ കാണാനിടയായി സൂര്യതേജസ്സോടുകൂടി രാജാക്കന്മാരുടെ മധ്യത്തിൽ ആസനസ്ഥനായ ദുര്യോധനൻ ഇന്ദ്രസദൃശം ശോഭിക്കുന്ന ആ കാഴ്ച യുധിഷ്ഠിരന് അസഹനീയമായി ഭൂമിയിൽ ചുടുലപിശാചിനെ പോലെ മഹാപാപങ്ങൾ ചെയ്തത് ദുര്യോധനനോടൊത്ത് സ്വർഗ്ഗത്തിൽ കഴിയാൻ താൻ ആഗ്രഹിക്കുന്നില്ലെന്ന് ധർമ്മപുത്രർ തുറന്നുപറഞ്ഞു എന്റെ സഹോദരന്മാരും ദ്രൗപതിയും ഇരിക്കുന്നിടത്ത് പോകാനാണ് ആഗ്രഹിക്കുന്നത്.

ഭൂമിയിലെ പാപകർമ്മങ്ങളെകുറിച്ചും പുണ്യകർമ്മങ്ങളെ കുറിച്ചും ഇവിടെ ഓർക്കാൻ പാടില്ല. ഇത് സ്വർഗ്ഗമാണ്. ഇവിടെ പരസ്പരം ഈർഷ്യയ്ക്കും വൈരത്തിനും സ്ഥാനമില്ല. അന്ത്യനിമിഷം വരെ ക്ഷാത്രധർമ്മം അനുഷ്ഠിച്ച് ധീരമായി പൊരുതി മരിച്ച ദുര്യോധനനുമായി കൂട്ടുചേർന്ന് സ്വർഗ്ഗീയ ജീവിതം ആസ്വദിക്കുക. അതാണ് വേണ്ടത് എന്ന് നാരദ മഹർഷി പാണ്ഡവാഗ്രജനെ ഉപദേശിച്ച പക്ഷേ ഫലമുണ്ടായില്ല.

സത്യത്തിനും ധർമ്മത്തിനുംവേണ്ടി യുദ്ധം ചെയ്തവരായ എന്റെ സ്വന്തം സഹോദരന്മാരെയും വീരചരമമടഞ്ഞ മറ്റുള്ളവരെയും എനിക്കിവിടെ കാണാൻ കഴിയുന്നില്ലല്ലോ. എനിക്കവരെ നേരിൽ കാണണം ആവർത്തിച്ചാവർത്തിച്ച് അപേക്ഷിച്ചുകൊണ്ട് യുധിഷ്ഠിരൻ തന്റെ സ്നേഹബുദ്ധിയിൽ ഉറച്ചുനിന്നു. ഇന്ദ്രൻ ധർമ്മപുത്രന്റെ ആഗ്രഹം സാധിച്ച് കൊടുക്കാനായി ദൈവദൂതനെ നിയോഗിച്ചു. ദേവദൂതൻ യുധിഷ്ഠിരനെ ഭീമസേനാദികൾ കിടക്കുന്ന ദിക്കിലേക്ക് കൊണ്ടുപോയി മായാനരകത്തിലേക്ക് ഇരുളുകൾ മറവിരിക്കുന്ന മാർഗ്ഗത്തിലൂടെ യുധിഷ്ഠിരൻ സഞ്ചരിച്ച പിന്നെ കൂരിരുട്ടുകൊണ്ട് ഒന്നും കാണാതായി ചത്തുചീഞ്ഞു കിടക്കുന്ന മാംസങ്ങൾ,

ദുർഗന്ധം വമിക്കുന്ന പരിസരം, കൊമ്പിൽ വിഷമുള്ള കടന്നലും, കൊതുകും, ചോരയും, പുഴുക്കളും, ഈച്ചകളും ചീഞ്ഞളിഞ്ഞ് ചിതറികിടക്കുന്ന ശരീരങ്ങളെ കൊത്തിവലിക്കുന്ന കഴുകന്മാർ ബീഭത്സമായ കാഴ്ച ഇതെല്ലാം കണ്ട് മനംനൊന്ത് ധർമ്മപുത്രൻ തിരിച്ച് പോരാൻ തുടങ്ങവേ പരിചയമുള്ള സ്വരത്തിൽത്തിൽ ദീനരോദനം കേട്ടു. അത് ഭീമാർജ്ജുനപാഞ്ചാലിമാരുടെ ശബ്ദമായിരുന്നു. യുധിഷ്ഠിരന്റെ മനസ്സ് നൊന്തു ഇതിന് മാത്രം എന്തുപാപമാണ് ഇവർ ചെയ്തത് പുണ്യകർമ്മാക്കളും, മഹാത്മാക്കളുമായിരുന്നല്ലോ ഇവർ എന്റെ പ്രിയപ്പെട്ട ഭ്രാതാക്കൾ പാപിയായ ദുര്യോധനൻ സിംഹാസനത്തിൽ വാണരുളവെ ശുദ്ധരും പ്രതാപികളുമായ എന്റെ അനുജന്മാർ നരകത്തിൽ കിടന്ന് പിടയുന്നു. എന്ത് കൊണ്ടിങ്ങനെ സംഭവിച്ചു. ദേവദൂതനോട് തിരിച്ച് പൊയ്ക്കൊള്ളാൻ യുധിഷ്ഠിരൻ പറഞ്ഞു. ഭ്രാതാക്കളുള്ള ഇടം വിട്ട് എങ്ങും പോകുന്നില്ലെന്ന് ഇന്ദ്രനെ അറിയിക്കാൻ ദേവദൂതനോട് അദ്ദേഹം നിർദ്ദേശിച്ചു.

അൽപസമയം കഴിഞ്ഞ് ദേവന്മാർ യുധിഷ്ഠിരന്റെ അടുത്തേക്ക് വന്നു ആ സമയം ഇരുട്ട് നീങ്ങി ദുർഗന്ധം ശമിച്ചു. സുഗന്ധമുള്ള കാറ്റ് വീശി ഇന്ദ്രൻ പറഞ്ഞു. അല്ലയോ യുധിഷ്ഠിരാ, നീ അക്ഷയമായ ലോകം നേടിയിരിക്കുന്നു. നിന്റെ മറ്റു ഭ്രാതാക്കളും സ്വർഗ്ഗം നേടികഴിഞ്ഞിരിക്കുന്നു.

ദ്രോണരെ വധിക്കാൻ നീ പണ്ട് ഒരു കള്ളം പറഞ്ഞതുകൊണ്ട് നിനക്ക് ഞാൻ വിധിച്ചതാണ് ഈ നരകദർശനം, ധർമ്മത്തിന് വേണ്ടിയാണെങ്കിലും "ആശ്വത്ഥാമാഹത ഇതികുഞ്ജര" എന്നുള്ള നുണ യുധിഷ്ഠിരന് പറയേണ്ടി വന്നു. അതിന്റെ തിക്തഫലമാണ്. ഇവിടെ യുധിഷ്ഠിരൻ അനുഭവിച്ചത് നാട്ടിൻപുറത്ത് പറയാറുള്ള പഴമൊഴി ഇവിടെ പ്രസക്തമാണ്.

പകൽ മുഴുവൻവെള്ളം കോരി രാത്രിയിൽ കുടമുടയ്ക്കുക.

യുധിഷ്ഠിരനും ചെയ്തത് ഇതുതന്നെയാണ്. അണുവിടവ്യതിചലിക്കാതെ ധർമ്മനിഷ്ഠാ ഭരിതമായിരുന്നു യുധിഷ്ഠിരന്റെ ജീവിതം. കാലചക്രത്തിന്റെ പരിണാമത്തിൽ അധർമ്മം അനുഷ്ഠിക്കേണ്ടി വന്നു. ധർമ്മത്തിനുവേണ്ടിയായിരുന്നു എന്നതോർത്ത് യുധിഷ്ഠിരനെ വെറുതേ വിടാമായിരുന്നു. പക്ഷേ ധർമ്മത്തിന്റെ കാര്യത്തിൽ അത്രയ്ക്ക് കർക്കശക്കാരനായിരുന്നു വ്യാസൻ എന്നുള്ളതിന് തെളിവാണ് ധർമ്മപുത്രരുടെ നരകദർശനം. പിന്നീട് കുരുപുംഗവന്മാർ വാണരുളുന്ന സ്ഥലത്ത് യുധിഷ്ഠിരൻ എത്തിചേർന്നു. ആദ്യം തേജസ്വിയായ കൃഷ്ണനെയും കർണാദികളായ വീരന്മാരെയും മുഴുവൻ കണ്ടു. മരുത് ഗണങ്ങളും സിദ്ധരും വിരാജിക്കുന്ന പ്രകാശപൂർണ്ണമായ ആ ലോകത്ത് പാണ്ഡുവിനെയും, കുന്തിയേയും, മാദ്രിയേയും, ഭീഷ്മരെയും ദ്രോണരേയും, ഗന്ധർവ്വന്മാരെയും, യക്ഷന്മാരെയും, ശ്രീകൃഷ്ണൻ യുധിഷ്ഠിരന് കാണിച്ച് കൊടുത്തു ഓരോരുത്തരുടെയും കർമ്മങ്ങൾ അനുഭവിച്ച് കഴിഞ്ഞാൽ പിന്നെ സ്വന്തം

പ്രകൃതിയിലേക്ക് തിരിച്ച് പോകാൻ സാധ്യമല്ല. അവതാരഭാവം കഴിഞ്ഞപ്പോൾ ആ വീരന്മാരെല്ലാം അവരവരുടെ ആദ്യഭാവത്തിൽ ചെന്നു ലയിച്ചു. ഭീഷ്മർ വസുക്കളിലും ദ്രോണർ ബൃഹസ്പതിയിലും, ശകുനി ദ്വാപരനിൽ ഘടോത്കചൻ പ്രദ്യുമ്നൻ, ധൃതരാഷ്ട്രരോടൊപ്പം ഗാന്ധാരി ധനേശ്വരിനിൽ ഇങ്ങനെ ഓരോരുത്തരും അവരവരുടെ ആദ്യഭാവത്തിൽ ലയിച്ചുചേർന്നു.

മഹാഭാരതത്തിൽ മൂന്ന് പേർക്കാണ് സുദീർഘമായ തത്വോപദേശം നൽകി കാണുന്നത് ഒന്ന് ഉദ്യോഗപർവ്വത്തിൽ ധൃതരാഷ്ട്രർക്ക് പിന്നൊന്ന് ഭീഷ്മപർവ്വത്തിൽ അർജ്ജുനന്, അതിപ്രധാനമായിട്ട് ശാന്തി, അനുശാസികം, അശ്വമേധികം എന്നി പർവ്വങ്ങളിൽ ധർമ്മപുത്രനും, അർജ്ജുനനും, ഉപദേശകരിൽ പ്രാധാനികളാണ് വിദുരർ, വേദവ്യാസൻ, ശ്രീകൃഷ്ണൻ, ഭീഷ്മർ എന്നിവർ. മഹാഭാരത മണിമാലയിലെ അമൂല്യ രത്നങ്ങളായി കരുതിവരുന്ന വിദുര നീതി, ഭഗവത്ഗീത, ഭീഷ്മസ്തവരാജം, സഹസ്രനാമസ്തോത്രം, അനുഗീത എന്നിവയെല്ലാം ആ വക തത്ത്വോപദേശങ്ങളിൽ പെട്ടവയാണ്. മറ്റൊരുദൃഷ്ടിയിൽ മഹാഭാരതത്തെ അപഗ്രഥനം ചെയ് നോക്കുമ്പോൾ ഭാരതത്തിലെ കഥാപാത്രപാത്രങ്ങൾ പോലും ചില ആത്മീയ തത്ത്വങ്ങളുടെ പ്രതീകങ്ങളായി മാറുന്നത് കാണാം.

ധർമ്മം തന്നെയാണ് ധർമ്മപുത്രൻ, ബലമാണ് ഭീമസേനൻ, വീര്യമാണ് അർജ്ജുനൻ, സൗന്ദര്യവും ബുദ്ധിശക്തിയുമാണ് നകുലസഹദേവന്മാർ, ദാക്ഷിണ്യമെന്ന ശീല ഗുണമാണ് പാഞ്ചാലി, ശ്രീകൃഷ്ണൻ അന്തര്യാമിയാണ് അസൂയ, വിദ്വേഷം എന്നീ രണ്ട് ചിത്തവൃത്തികളുടെ പ്രതീകങ്ങളാണ് ദുര്യോധനനും ദുശ്ശാസനനും, ദുരഭിമാനമാണ് കർണ്ണൻ, ധർമ്മാദികളായ സ്വാതിക ഗുണങ്ങളെ സാധുശീലനായ പാണ്ഡുവിന്റെ മക്കളായും അസൂയാദികളായി നൂറുകണക്കിനുള്ള ഇരുണ്ടമനോവൃത്തികളെ അന്ധനായ ധൃതരാഷ്ട്രരുടെ മക്കളായും ചിത്രീകരിച്ചിരിക്കുന്നു. ഹൃദയമാണ് യുദ്ധരംഗമായ കുരുക്ഷേത്രം. ഓരോരുത്തരുടെ ഹൃദയത്തിലും ഭാരതയുദ്ധം നടന്ന് കൊണ്ടിരിക്കുന്നു എന്നാൽ ധർമ്മത്തിന്റെ ഭാഗത്താണ് ജയം എന്ന കാര്യം തീർച്ചയാണ്. അവസാന യാത്രയിൽ പാഞ്ചാലി, സഹദേവൻ, നകുലൻ, അർജ്ജുനൻ, ഭീമസേനൻ ഇവരെല്ലാം മരിച്ച് വീണിട്ടും സാധുവായ ആ നായ മാത്രം ധർമ്മപുത്രനെ സ്വർഗ്ഗത്തിലോളം അനുഗമിച്ചപോലെ ബലവീര്യാദികളെല്ലാം നശിച്ച് പോയാലും ധർമ്മം ഓരോരുത്തരേയും പരലോകത്തിലും അനുഗമിയിക്കുന്നതാണെന്നുള്ള ഒരു ശാശ്വതതത്വമാണ് അവസാനമായി മഹാഭാരതം നമുക്ക് തരുന്ന പാഠം.

ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ളവയെല്ലാം വ്യാസഭഗവാൻ നമുക്ക് ഒരേ ഒരു ഭാരതകഥയിൽ സമന്വയിച്ച് കാണിച്ചുതന്നു. ലോകം മുഴുവൻ ഉള്ളം കയ്യിലെ നെല്ലിയ്ക്ക

പോലെ കണ്ട് കൊണ്ടിരിക്കുന്ന ആ ഋഷിശ്വരൻ ശാസ്ത്രങ്ങളുടെയെല്ലാം സൂഷ്മതത്വം വെറും 16 അക്ഷരത്തിൽ സംഗ്രഹിച്ചതന്നു.

"ശ്ലോകാർദ്ധേനപ്രവക്ഷ്യാമി
യദുക്തം ഗ്രന്ഥ കോടിഷു
പരോപകാര പുണ്യായ
പാപായ പര പീഡനം"

സംസ്കൃത സാഹിത്യത്തിലെ അതി ബൃഹത്തായ പദ്യകൃതി ഒന്നേകാൽ ലക്ഷം ശ്ലോകങ്ങളടങ്ങുന്ന ഈ മഹാഭാരതമാണ്.

## ബഹുമാനപ്പെട്ട ഭ്രാന്തൻ

*ആഷാരാജൻ ചെങ്ങാഴിക്കോട്*

ജടപടിച്ച വളർന്നിറങ്ങിയ മുടിയിഴകൾ അവന്റെ മനസ്സിനെ നിശ്ശബ്ദതകളുടെ ഏതോ ഗുഹയിൽ ആത്മീയമായ ഏകാന്തതയനുഭവിക്കുന്ന ഒരു യോഗിയെപ്പോലെ നിശബ്ദനാക്കുമ്പോൾ, വായിലേക്കു വളർന്നിറങ്ങിയ മീശയുടെ അറ്റം അവൻ വടിച്ചുനക്കി കൊണ്ടിരുന്ന എച്ചിലിനോടൊപ്പം ആമാശയത്തിലേക്ക് തള്ളിക്കയറാനുള്ള വ്യഗ്രതയിലായിരുന്നു. സൂക്ഷിച്ചുനോക്കിയാൽ പ്രേതകഥകളിലെ ഡ്രാക്കുളയെ പ്പോലെയോ യെവഗ്നിയുടെ ലാറുസ് എന്ന വിശുദ്ധനായ ശുശ്രൂഷകനെപ്പോലെയോ വൈരുദ്ധ്യാത്മകതയുട ഒരു സങ്കലനമായിരുന്നു അവൻ. കിറുക്കിന്റെ തേനീച്ചകൾ തലയോടിനെ തുളക്കുന്ന രാത്രിനേരങ്ങളിൽ എല്ലാ ഭ്രാന്തന്മാരെയും പോലെ അവനും തെരുവുനായകളുടെ കൂട്ടാളിയാണ്. ആരും വരാനില്ലാത്ത ഒരു നീണ്ട കാത്തിരുപ്പിന്റെ നിശബ്ദതയ്ക്കൊടുവിൽ ചീഞ്ഞളിഞ്ഞ ചപ്പുകൂനയിൽ മുൾച്ചെടി പൂത്തതിന്റെ വാടയുണ്ടാക്കിക്കൊണ്ടവൻ പൊട്ടിച്ചിരിക്ക മ്പോഴാണ് അവന്റെ മുതുകെല്ല് ലക്ഷ്യമാക്കി ഒരു ചുടുകട്ട പാഞ്ഞുവന്നത്. ഉടമസ്ഥന്റെ ആജ്ഞ ശിരസാവഹിച്ച് തന്റെ ഇരയെ പരമാവധി വേദനിപ്പിക്കാനായ ചാരിതാർത്ഥ്യത്തോടെ ദീർഘചതുരത്തിൽ ചോരപോലെ ചുവന്ന ആ കല്ലുകഷ്ണം അവന്റെ പുറത്തുനിന്നും രണ്ടുഭാഗങ്ങളിലേക്കു തെറിച്ചു മരിച്ചുവീണു. കപടനാട്യക്കാരായ മനുഷ്യജീവികൾ എറിഞ്ഞോടിക്കുമ്പോഴൊക്കെ പെയിന്റുപാട്ടയിൽ പെറുക്കിയിട്ട കല്ലുകളടങ്ങിയ തന്റെ കണ്ഠാഭരണവുമായി അവൻ ഓടിയൊളിക്കണമെന്നത് ഒരലിഖിത നിയമമാണ്.

പകലന്തിയോളം അദ്ധ്വാനിച്ചു പെറുക്കിക്കൂട്ടിയ റബറിൻകായ നെഞ്ചോടടുക്കി പിടിച്ച് പൊട്ടക്കുളത്തിന്റെ വക്കിലൂടെ പടിഞ്ഞാറോട്ട് നീങ്ങുമ്പോഴാണ് ഇടവഴിയിൽ നിന്ന്

പ്രധാനവഴിയിലേക്ക് കടന്ന് ഒരു പഴയകാറ് അവന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടത്. ഭൂമിയിൽ നിന്ന് മുളിയുയരുന്ന ചുഴലിക്കാറ്റിൽ ഒരു മരം നിന്നുലയുന്ന അനുഭവത്തോ ടെ ഒരു നിമിഷത്തെ ആലോചനയ്ക്കുശേഷം പൊടുന്നനെ ഒരീറ്റപ്പുലി തന്റെ ഇരയെ കണ്ടതുപോലെയവൻ കുതിച്ചുപാഞ്ഞു. നഗരത്തിനെ ലക്ഷ്യമാക്കി നീങ്ങുന്ന ആ കാറ് അവന്റെ ഹൃദയത്തിൽ ആഴമേറിയ ഒരു വ്രണമുണ്ടാക്കി അതിലേക്ക് ചെളിതെറിപ്പിച്ച് കടന്നുപോകുമെന്നും അപമാനഭാരത്തിന്റെ കല്ലുകൾ ആ വണ്ടിക്കുനേരെ വലിച്ചെറിയപ്പെട്ടുമെന്നും കരുതിയവരെ നിരാശരാക്കികൊണ്ട് അവനാ കാറിനൊപ്പം ഓടിയെത്തി. അതിൽ രണ്ടുപേരുണ്ട്. കാട്ടുപോത്തിനെപ്പോലെയുള്ള ഒരുവൻ കാലങ്ങളായി എങ്ങോട്ടുതിരിച്ചിട്ടും ഊരിവരാത്ത വളയത്തിൻമേൽ മുറുകെപ്പിടിച്ചുകൊണ്ട് കോപത്തോടെ യിരിക്കുകയാണ്. മറ്റെയാൾ പാവമാണ്. ഒരുശു. ദിവസങ്ങൾക്കോ ആഴ്ചകൾക്കോ മുമ്പ് ഒരിടവഴിക്കരികിൽ കുത്തിയിരുന്ന് കാര്യം സാധിക്കുമ്പോഴാണ് വൃത്തിയുടെ വൃത്തത്തിനുള്ളിൽ സസൂക്ഷ്മം നടന്നുനീങ്ങുന്ന ചെമ്പോത്തിനെപ്പോലെയുള്ള ആ മനുഷ്യൻ അവന്റെ ശ്രദ്ധയിൽപ്പെട്ടത്. അടഞ്ഞു കിടക്കുന്ന ദൈവത്തിന്റെ ഗർഭഗൃഹം തുറന്ന് മനുഷ്യൻ സൃഷ്ടികർമ്മം തുടരുന്നത് അയാളുടെ കൈകളിലേയ്ക്കാണ്!!! ആ നാട്ടിലെ പേരുകേട്ട ഗൈനക്കോളജിസ്റ്റ് വർഗീസ് ഡോക്ടർ. ഉടലിൽനിന്നും ആത്മാവിനെ കടഞ്ഞെടുത്തു വേർപ്പെടുത്തുന്ന മരണത്തേക്കാളേറെ ഉടലിൽ നിന്നും കടഞ്ഞെടുക്കുന്ന ജീവനെ കൈമാറി ശീലിച്ച ആ മദ്ധ്യസ്ഥൻ, ഭ്രാന്തനെന്നോ കിറുക്കനെന്നോ വിളിക്കാവുന്ന അവനെ അടിമുടി നോക്കിക്കൊണ്ടിരുന്നു. വിശ്വവിഖ്യാതമായ ആ അഞ്ചു തിരുമുറിവുകളുടെ മുഴുവൻ വേദനയും സ്വന്തംഹൃദയത്തിൽ പേറുന്ന മുഖത്തോടെ ക്ലാവുപിടിച്ച ഒരു ചിരിയോടെ അവൻ ഉറക്കെ ചോദിച്ചു.

“ താ സാറെ, ഒരിച്ചിരെ ബഹുമാനം തരോ?

ഇതിപ്പോ എത്രാമത്തെ തവണയാ? ശ്ശോ, ഡോക്ടർ തന്നിലൂറിയ ഈർഷ്യയെ മുഴുവനായും പുരികങ്ങൾക്കിടയിലിട്ട് മെരുക്കാൻ ശ്രമിച്ചുകൊണ്ട് മുഖം വെട്ടിച്ച് വിദൂരതയിലേയ്ക്ക് നോക്കിയിരുന്നു. പ്രാന്തനെക്കൊണ്ടു വല്ലാത്തൊരു തൊല്ലയായെ ന്ന് കാട്ടുപോത്തിന്റെ തലമുറക്കാരൻ ഡ്രൈവർ കുറപ്പെടുത്തി. വല്ലായ്മയുടെ ഒരു വിഴിപ്പ് ബോധമില്ലാത്ത അവന്റെ ഉപബോധമനസ്സിൽ സ്വയം ഒരു ഭാണ്ഡമായി ഉടലെ ടുത്തു. അതു തലയിൽ താങ്ങി നിരാശനായി തിരികെ നടക്കുന്നതിനിടയിൽ മുതലാളിയിൽ സ്വയംഭൂവായ പുച്ഛത്തിനെ യാതൊരു കേടുപാടും പറ്റാതെ ഉണക്കി സൂക്ഷിക്കണമെന്ന വ്യഗ്രതയോടെ ആ മോട്ടോർകാർ പുകതുപ്പിക്കൊണ്ട് മുന്നോട്ടുനീങ്ങി.

ആദിമകാലത്തെ അല്പവസ്ത്രധാരിയായ ഏതോ ഒരവധൂതനെപ്പോലെ റെയിൽവെസ്റ്റേഷനു പുറകിലെ ഇടവഴിയുടെ തുടക്കത്തിലെ അർനോസ് പാതിരിയുടെ സ്മാരകത്തിന്റെ കോണിൽ അവനിരിക്കുകയാണ്. ഉച്ചിയിലെരിയുന്ന തീയുമായി നിൽക്കുന്ന

കരിപിടിച്ച് മണ്ണെണ്ണവിളക്കുപോലെയിരിക്കുന്ന അവനു മാത്രംകേൾക്കാൻ പാകത്തിന് വിശുദ്ധ പർവ്വതത്തിൽ നിന്നെത്തിയ ഒരിളംകാറ്റ് അതിമനോഹരമായി വീണമീട്ടി. പെട്ടന്നവൻ തലചുഴറ്റി എഴുന്നേറ്റുനിന്ന് കോപത്തോടെയലറി. 'പലവട്ടം പറഞ്ഞതല്ലേ എന്റെ ചെവിയുള്ളിൽ വന്നു കരയരുതെന്ന്' പിന്നെയൊരിരുത്തം വന്ന പ്രാസംഗികനപ്പോലെ ഘോരഘോരം പ്രസംഗിച്ചുകൊണ്ടവൻ മുന്നോട്ടുനീങ്ങി. കരയാതെ അവളെന്തുചെയ്യാൻ, പാവമാണവൾ വീണ, ലോകത്തിലെ എല്ലാ വാൾത്തലകളും വന്നുകൊള്ളുന്നത് അവളുടെ ഹൃദയത്തിലാണ്. കണ്ണീരിന്റെ നനവുള്ള സ്വരത്തിലവൾ പാടുമ്പോൾ കേൾക്കുന്നവൻ കുളിരണിയും. ആഹാ, എത്ര മനോഹരം'. വിജനമായ നഗരം, വിജനമായ വഴി, മങ്ങിയനിലാവ്, അനന്തയിലേയ്ക്ക് നീളുന്ന ആ പെരുവഴിയുടെ അങ്ങേറ്റത്ത്, ആ മഹാവിദൂരതയിൽ കാലത്തിന്റെ ഏതോ മറുകരയിൽനിന്ന് ഒരു ഇരുമ്പുഗേറ്റിന്റെ ശബ്ദം. ആകാശത്തിനുകീഴിൽ പാറികിടക്കുന്ന അരണ്ട വെളിച്ചത്തിൽ അവൻ ശബ്ദം കേട്ടിടം ലക്ഷ്യമാക്കി നടന്നു. മങ്ങിയ നിലാവിന് ഇപ്പോൾ നിഗൂഢവും രഹസ്യവുമായ ഒരു ഭംഗി കൈവന്നിരിക്കുന്നു. വഴിവക്കിലെ പുൽച്ചെടികൾ ഗാഢനിദ്രയിലായിരുന്നു. ഒരിലപോലും അനങ്ങുന്നില്ല. വഴിയിൽ വീണുകിടക്കുന്ന വലിയ മരങ്ങളുടെ നിഴലുകൾ പോലെ അവന്റെ മനസിനുകുറുകെ പ്രതീക്ഷ യോടെ ഒരു നിഴൽ നെടുങ്കനെകിടന്നു. അതൊരു റെയിൽവേ ഗേറ്റാണ്. കട്ടിമീശക്കാരനും കൃശഗാത്രക്കാരനുമായ ഒരുവനാണവിടെ കാവൽക്കാരൻ. നാട്ടുനീളെയിഴഞ്ഞു നീങ്ങുന്ന ആ തേരട്ടയെനോക്കി എന്റേയും നിന്റേയും ഗന്ധമെന്നാണെന്നു പറഞ്ഞ് പൊട്ടിച്ചിരിക്കാനോടിയെത്തുമ്പോഴൊക്കെ പ്രണയം തോന്നിയ ആ വണ്ടിയെ വിചാരണ കൂടാതെ കാരാഗൃഹത്തിലടയ്ക്കുന്ന നാറി, അതാണവൻ. വെറുപ്പാണവനോട്. തന്റെ മുന്നിൽ കൊട്ടിയടച്ച ആ ഇരുമ്പഴികളിൽ പിടിച്ചുകൊണ്ട് ഒരു ധീരനായ കാമുകനെപ്പോലെ എത്രയോവട്ടം അവനോട് വാക്പോര് നടത്തിയിട്ടുണ്ട്. അവളുടെ പച്ച ജീവനേയും, ചുവന്ന സ്വപ്നങ്ങളേയും ഇരുകൈകളിലും ചുരുട്ടിപ്പിടിച്ചു നിൽക്കുന്ന കാപാലികാ, പ്രണയമെന്നത് ശവക്കല്ലറയിൽക്കിടന്നു ദ്രവിച്ചുപോകുന്ന ഒരു അസ്ഥിക്കൂടമല്ല. അത് ശവക്കല്ലറയുടെ മൂടിതെറിപ്പിച്ചു പുറത്തുവരുന്ന മഹത് വചനമാണ്. ഇടമുറിയുന്നവാക്കുകളിലും, അവയ്ക്കിടയിലെ മൗനങ്ങളിലും അവന്റെ ശബ്ദം മാറ്റൊലിക്കൊള്ളാതെ എവിടെയോ നഷ്ടപ്പെട്ടുമ്പോഴും നിരാലംബനായ അവനു അതു ചോദിക്കാതെ തരമില്ലെന്നായിരിക്കുന്നു.

'താ സാറേ, ഒരിച്ചിരെ ബഹുമാനം താ?"

ആ ഒറ്റമുറിക്കെട്ടിടത്തിന്റെ അരമതിലിൽ ചാരിനിന്നാണവനതു ചോദിച്ചത്. പ്രതീക്ഷയാൽ പെരുമ്പറ കൊട്ടുന്ന ഹൃദയത്തെ ശാന്തമാക്കാനെന്നോണം സ്വയം നെഞ്ചിൽ തലോടികൊണ്ടവൻ കാത്തുനിന്നു. ചാരായഷാപ്പിലെ എച്ചിലിലകളുടെ ഗന്ധമുള്ള ഒരു ഗ്ലാസ്സ് അവന്റെ തിരുനെറ്റിയെ ലക്ഷ്യമാക്കി പാഞ്ഞടുത്ത് പെട്ടെന്നാ യിരുന്നു. അവൻ വിരലുകൾകൊണ്ടവിടെ തൊട്ടുനോക്കി. അവിടെ രക്തമൊലിക്കുന്ന ഒരു മുറിവുണ്ടായിരിക്കുന്നു.

ക്രുദ്ധനായി മുമ്പിൽ നിൽക്കുന്ന ആ മാന്യനെനോക്കി ധ്യാനത്തിലിരിക്കുന്ന വെങ്കലപ്രതിമയുടെ ഉള്ളിൽനിന്നെന്നപോലെ. അവനിൽനിന്ന് ഒരു വ്യസനം, ശബ്ദരൂപം പൂണ്ട് പുറത്തേയ്ക്കുവന്നു.

"വേദനിക്കുന്നു സാറേ, ഇച്ചിരെ ബഹുമാനം താ?"

